20
2022
ജനുവരി
വ്യാഴം
മകരം 6

# NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 225 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-225 പേജ് 4. വില 2.00 രൂപ








02 കോവിഡ് അതിതീവ്രവ്യാപനം: മൂന്നാഴ്ച്ച ഏറെ നിർണായകം

03 കെ. കെ. ഇ. എം. വെർച്വൽ തൊഴിൽമേള 21 മുതൽ 27 വരെ

04 ഏകദിനത്തിലും തോറ്റ് തുടങ്ങി; ഇന്ത്യക്ക് 31 റൺസ് പരാജയം


# രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കുന്നു



ഇടുക്കി: വിവാദമായ രവീന്ദ്രൻ പട്ടയങ്ങൾ റദ്ദാക്കാൻ സർക്കാർ ഉത്തരവായി. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ജയതിലക് ആണ് ഉത്തരവ് പുറപ്പെടുവിച്ചത്. 530 പട്ടയങ്ങളാണ് ഉത്തരവിന്റെ ഭാഗമായി റദ്ദാവുക. മൂന്നാർ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്ന നടപടിക്ക് ശേഷമുള്ള സുപ്രധാന തീരുമാനമാണ് ഇപ്പോൾ സർക്കാർ കൈക്കൊണ്ടിരിക്കുന്നത്.

ഇടുക്കി ജില്ലാ കളക്ടർക്ക് നൽകിയ നിർദേശത്തിൽ 45 ദിവസത്തിനകം റദ്ദാക്കൽ നടപടികൾ പൂർത്തിയാക്കണം. ഇടുക്കിയിലെ മൂന്നാർ കേന്ദ്രീകരിച്ച് ദേവികുളം താലൂക്കിൽ നൽകിയിരിക്കുന്ന പട്ടയങ്ങളാണ് റദ്ദാവുക. ദേവികുളം താലൂക്കിലെ ഒൻപത് വില്ലേജുകളിലെ പട്ടയങ്ങളാണ് റദ്ദാക്കാൻ സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്.

സർക്കാരിൻറെ ഇപ്പോഴത്തെ ഉത്തരവ് പ്രകാരം വലിയ അളവിലുള്ള ഭൂമി ഒഴിപ്പിക്കേണ്ടി വരുമെന്നാണ് കരുതുന്നത്. അർഹതപ്പെട്ടവർക്ക് ഭൂമി നഷ്ടപ്പെടാതിരിക്കാനായി നടപടിക്ക് മുന്നോടിയായി ഒരു പരിശോധന കൂടി നടത്തും. കുടിയൊഴിപ്പിക്കേണ്ടി വന്നാലും പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്നും റവന്യൂ വകുപ്പ് പുറത്തിറക്കിയ ഉത്തരവിൽ നിർദേശിക്കുന്നു. അർഹതപ്പെട്ടവർക്ക് പട്ടയം നൽകുന്നതിനുള്ള നിലപാടുമായി മുന്നോട്ട് പോകാനും രണ്ട് മാസത്തിനകം ഈ നടപടികൾ പൂർത്തിയാക്കാനുമാണ് ഇപ്പോൾ സർക്കാർ നിർദേശം.

1999 കാലത്ത് ദേവികുളം അഡീഷണൽ തഹസിൽദാറായിരുന്ന എം.ഐ. രവീന്ദ്രൻ മൂന്നാർ മേഖലയിൽ നൽകിയ പട്ടയങ്ങളാണ് രവീന്ദ്രൻ പട്ടയങ്ങൾ എന്ന് അറിയപ്പെടുന്നത്. പട്ടയങ്ങൾ നൽകുന്നതിന് അധികാരമില്ലെന്നിരിക്കെ തന്റെ അധികാര പരിധി മറികടന്നാണ് അനധികൃത കയ്യേറ്റങ്ങൾക്ക് പട്ടയം നൽകിയതെന്നാണ് ആരോപണം. വൻകിട കയ്യേറ്റങ്ങൾ സാധൂകരിക്കുന്ന രീതിയിലാണ് ഈ പട്ടയങ്ങൾ നൽകിയത്. വ്യാജ പട്ടയം എന്ന് പറയാൻ കഴിയില്ലെങ്കിലും നിയമവിരുദ്ധമായി നൽകിയ പട്ടയങ്ങളായിരുന്നു ഇവ.

മൂന്നാറിലെ വൻകിട കയ്യേറ്റക്കാരുൾപ്പെടെ കൈവശം വെച്ചിരിക്കുന്നത് അന്നത്തെ രവീന്ദ്രൻ പട്ടയങ്ങളാണ്. റിസോർട്ടുകൾ, ഹോട്ടലുകൾ ഹോം സ്റ്റേകൾ എന്നിവയിലാണ് കൂടുതലും രവീന്ദ്രൻ പട്ടയങ്ങൾ നൽകിയിരിക്കുന്നത്. ജില്ലയ്ക്ക് പുറത്തുള്ളവരടക്കം ഇത്തരത്തിൽ ഭൂമി കയ്യേറുകയും രവീന്ദ്രൻ പട്ടയങ്ങൾ നേടുകയും ചെയ്തിട്ടുണ്ടെന്നാണ് ആരോപണം.

മൂന്നാർ കയ്യേറ്റം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ വലിയ പ്രതിസന്ധി സൃഷ്ടിച്ചത് രവീന്ദ്രൻ പട്ടയങ്ങളായിരുന്നു. നിയപരമായി നൽകിയ പട്ടയമായിരുന്നുവെങ്കിലും അതിന് നിയമസാധുതയില്ല എന്നതാണ് രവീന്ദ്രൻ പട്ടയങ്ങളുടെ പ്രത്യേകത. ഈ പട്ടയങ്ങളുമായി ബന്ധപ്പെട്ട് ദീർഘകാലമായി നിയമപോരാട്ടങ്ങളും നടന്നിരുന്നു.

## ഇന്ന് 34,199 പേർക്ക് കോവിഡ്; ഒന്നരലക്ഷത്തിലധികം സജീവ രോഗികൾ

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 34,199 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 91,983 സാമ്പിളുകളാണ് പരിശോധിച്ചത്. ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് 37.17 ശതമാനമാണ്.

ഇന്ന് 49 മരണങ്ങളാണ് കോവിഡ് മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ അപ്പീൽ നൽകിയ 85 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 51,160 ആയി.

33,195 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. അതിൽ 596 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 125 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

നിലവിൽ 1,68,383 പേരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ളത്. 8193 പേർ രോഗമുക്തരായി. 52,44,206 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി. 283 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

എറണാകുളം 5953, തിരുവനന്തപുരം5684, തൃശൂർ 3604, കോഴിക്കോട്3386, കോട്ടയം2333, പത്തനംതിട്ട1944, പാലക്കാട്1920, കണ്ണൂർ1814, കൊല്ലം1742, മലപ്പുറം1579, ഇടുക്കി1435, ആലപ്പുഴ1339, വയനാട്798, കാസർഗോഡ്668.

## ഒമിക്രോണും കൂടുന്നു; ഇന്ന് 54 പേർക്ക് കൂടി

തിരുവനന്തപുരം: സംസ്ഥാനത്ത് 54 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. എറണാകുളം 12, കോഴിക്കോട് 10, മലപ്പുറം ഏഴ്, തൃശൂർ ആറ്, കോട്ടയം അഞ്ച്, തിരുവനന്തപുരം, പാലക്കാട് മൂന്നുവീതം, കൊല്ലം, ആലപ്പുഴ രണ്ട് വീതം, വയനാട്, കണ്ണൂർ ഒന്ന് വീതം എന്നിങ്ങനെയാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്.

രണ്ട് പേർ വിവിധ രാജ്യങ്ങളിൽ നിന്നും വന്ന മറ്റ് സംസ്ഥാനക്കാരാണ്. 33 പേർ ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും ആറു പേർ ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. അഞ്ച് പേർ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്നതാണ്.

10 പേർക്ക് സമ്പർക്കത്തിലൂടെയാണ് ഒമിക്രോൺ ബാധിച്ചത്.

സംസ്ഥാനത്ത് ആകെ 645 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 434 പേരും ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 107 പേരും എത്തിയിട്ടുണ്ട്. 80 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വന്ന 24 പേരാണുള്ളത്.

## ഒന്നുമുതൽ ഒൻപതു വരെ ഓൺലൈൻ ക്ലാസ്; മാർഗനിർദേശം പുറത്തിറങ്ങി

തിരുവനന്തപുരം: സംസ്ഥാനത്ത് ഒന്നു മുതൽ ഒൻപതു വരെയുള്ള ക്ലാസിലെ കുട്ടികൾക്ക് വെള്ളിയാഴ്ച മുതൽ ഓൺലൈൻ പഠനം. വെള്ളി മുതൽ രണ്ടാഴ്ച്ചത്തേയ്ക്ക് കുട്ടികൾ സ്കൂളിൽ എത്തേണ്ടതില്ലെന്നും രണ്ടാഴ്ച്ച കഴിഞ്ഞ് സ്ഥിതിഗതികൾ വിലയിരുത്തി തുടർനടപടികൾ സ്വീകരിക്കുമെന്നും പൊതുവിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

ഒന്നു മുതൽ ഒൻപതു വരെയുള്ള ക്ലാസുകൾ വീണ്ടും ഓൺലൈൻ ആക്കുന്നതിൻറെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച മാർഗരേഖയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. 10,11,12 ക്ലാസുകളിലെ കുട്ടികൾക്ക് സാധാരണ നിലയിൽ ക്ലാസുകൾ ഉണ്ടാവും. എല്ലാ അധ്യാപകരും സ്കൂളിൽ ഹാജരാകണം.

ഈ മാസം 22,23 തീയതികളിൽ എല്ലാ ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി വിഭാഗങ്ങളിലും ശുചീകരണ, അണുനശീകരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. സെക്കൻഡറി, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളിൽ കോവിഡ് ക്ലസ്റ്ററുകൾ രൂപപ്പെട്ടാൽ സ്കൂൾ രണ്ടാഴ്ച്ച അടച്ചിടണം. സ്കൂളുകളിൽ ആരംഭിച്ച വാക്സിനേഷൻ ഡ്രൈവ് തടസമില്ലാതെ നടക്കുന്നുവെന്ന് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം.

ഒന്നു മുതൽ ഒൻപതുവരെ ക്ലാസുകളിലെ എല്ലാ വിദ്യാർഥികൾക്കും ഡിജിറ്റൽ ക്ലാസുകൾ കാണുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യമുണ്ടെന്ന് പ്രഥമാധ്യാപകൻറെ നേതൃത്വത്തിൽ ഉറപ്പുവരുത്തണം. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ അഭിമുഖീകരിക്കുന്ന പഠന സമ്മർദങ്ങൾ ലഘൂകരിക്കുന്നതിന് ആവശ്യമെങ്കിൽ രക്ഷിതാക്കളുമായി ചേർന്ന് പ്രത്യേക കൗൺസിലിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കണമെന്നും മാർഗനിർദേശത്തിൽ പറയുന്നു.

## നടിയെ ആക്രമിച്ച കേസ്: പുതിയ പ്രോസിക്യൂട്ടറെ നിയമിച്ചു

കൊച്ചി: നടിയെ ആക്രമിച്ച കേസിൽ പുതിയ പ്രോസിക്യൂട്ടറെ നിയമിച്ചു. അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ കെ.ബി സുനിൽ കുമാറിനെയാണ് പ്രോസിക്യൂട്ടറായി നിയമിച്ചത്. വ്യാഴാഴ്ച സർക്കാരിനായി സുനിൽ കുമാർ കോടതിയിൽ ഹാജരാകും. സ്പെഷൽ പ്രോസിക്യൂട്ടർ അഡ്വ. അനിൽ കുമാർ രാജിവച്ച ഒഴിവിലേക്കാണ് നിയമനം. കോടതിയുമായുള്ള അഭിപ്രായ വ്യത്യാസത്തെത്തുടർന്നായിരുന്നു രാജി. പത്ത് ദിവസത്തിനുള്ളിൽ പ്രോസിക്യൂട്ടറെ ചുമതലപ്പെടുത്തണമെന്ന് ഹൈക്കോടതി കഴിഞ്ഞ ദിവസം സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു.

## പെൺകുട്ടി ബൈക്കിൽനിന്ന് വീണു: റേസിങ്ങെന്ന് നാട്ടുകാർ; റോഡരികിൽ അടിപിടിയും കൂട്ടത്തല്ലും

തൃശ്ശൂർ: അമിതവേഗത്തിലെത്തിയ ബൈക്കിൽനിന്ന് പെൺകുട്ടി വീണതിനെ ച്ചൊല്ലി നാട്ടുകാരും കോളേജ് വിദ്യാർഥിയും തമ്മിൽ സംഘർഷം. തൃശ്ശൂർ ചിയ്യാരത്താണ് കോളേജ് വിദ്യാർഥിയും നാട്ടുകാരും തമ്മിലടിച്ചത്. ചേതന കോളേജിലെ ബിരുദ വിദ്യാർഥിയായ അമലും സഹപാഠിയായ പെൺകുട്ടിയും ബൈക്കിൽ വരുന്നതിനിടെ പെൺകുട്ടി ബൈക്കിൽനിന്ന് വീണു. ഇതുകണ്ടെത്തിയ നാട്ടുകാർ സംഭവത്തിൽ ഇടപെട്ടതോടെയാണ് പ്രശ്നങ്ങൾ ഉടലെടുത്തത്. അമൽ നാട്ടുകാരിലൊരാളെ മർദിക്കുകയും പിന്നാലെ നാട്ടുകാർ സംഘം ചേർന്ന് അമലിനെ മർദിക്കുകയുമായിരുന്നു. ഇതിന്റെ വീഡിയോ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.


ചൊവ്വാഴ്ച വൈകിട്ട് നാലുമണിയോടെയാണ് സംഭവങ്ങളുടെ തുടക്കം. അമലും സഹപാഠികളും ഭക്ഷണം കഴിക്കാനായാണ് ബൈക്കുകളിൽ കോളേജിൽനിന്ന് ടൗണിലേക്ക് വന്നത്. ഇതിനിടെ അമലിന്റെ ബൈക്കിന്റെ മുൻഭാഗം ഉയരുകയും പിന്നിലിരുന്ന സഹപാഠിയായ പെൺകുട്ടി വീഴുകയും ചെയ്തു. ഇതോടെ നാട്ടുകാർ ഇടപെടുകയായിരുന്നു. ബൈക്കുമായി റേസിങ് നടത്തിയതാണ് പെൺകുട്ടി വീഴാൻ കാരണമെന്നായിരുന്നു നാട്ടുകാരുടെ ആരോപണം. സംഭവസമയത്ത് 'ജോക്കർ' കഥാപാത്രത്തിന്റെ വസ്ത്രമായിരുന്നു അമൽ ധരിച്ചിരുന്നത്. ഇതിന്റെ പേരിലും നാട്ടുകാർ തട്ടിക്കയറിയെന്നും അമൽ ആരോപിച്ചു.

അതേസമയം, അപകടമുണ്ടായതിന് പിന്നാലെ അമൽ നാട്ടുകാരിലൊരാളെ മർദിക്കുന്നതിന്റെ ദൃശ്യങ്ങൾ പുറത്തുവന്നിട്ടുണ്ട്. കൊടകര സ്വദേശിയായ ഡേവിസിനാണ് അമലിൽനിന്ന് മർദനമേറ്റത്. പിന്നീട് അമലിനെ നാട്ടുകാർ മർദിച്ചപ്പോൾ ഡേവിസ് കല്ല് കൊണ്ട് വിദ്യാർഥിയുടെ തലയ്ക്കടിക്കുകയും ചെയ്തു. ഇതിന്റെ ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്.

വിവരമറിഞ്ഞ് സ്ഥലത്തെത്തിയ കോളേജിലെ അധ്യാപികയോട് നാട്ടുകാർ മോശമായി പെരുമാറിയെന്നും ആരോപണമുണ്ട്. ബൈക്കിൽനിന്ന് വീണ പെൺകുട്ടിയെ ആശുപത്രിയിൽ കൊണ്ടുപോകാൻ നാട്ടുകാർ ആദ്യം സമ്മതിച്ചില്ലെന്നാണ് അമലിന്റെ ആരോപണം. ഇതറിഞ്ഞാണ് അധ്യാപകർ സ്ഥലത്തെത്തിയത്. എന്നാൽ അധ്യാപകരോടും നാട്ടുകാർ തട്ടിക്കയറുകയാണുണ്ടായതെന്നും പറയുന്നു. പരിക്കേറ്റ പെൺകുട്ടിയെയും അമലിനെയും പിന്നീട് ആശുപത്രിയിൽ എത്തിച്ചു. അമലിന്റെ തലയിൽ അഞ്ച് തുന്നലുണ്ട്. പെൺകുട്ടി ഇപ്പോഴും ചികിത്സയിലാണ്.

അതേസമയം, എന്തിനാണ് നാട്ടുകാർ തല്ലിയതെന്ന് തനിക്കറിയില്ലെന്ന് അമൽ പ്രതികരിച്ചു. 'എന്തിനാണ് തല്ലിയതെന്ന് എനിക്കറിയില്ല. നിനക്ക് തോന്നിയ വേഷം കെട്ടിനടക്കാം, ആൾക്കാർ ഇതൊക്കെ കണ്ടുനടക്കണോ എന്നൊക്കെയാണ് അവർ ചോദിച്ചത്. ഞാൻ എന്റെ മുഖത്ത് ചായം വരച്ചാൽ ഇവർക്ക് എന്താണ് നഷ്ടപ്പെടാനുള്ളത്. പോലീസുകാർ പറഞ്ഞത് എന്റെ ഭാഗത്ത് ഒരു കുഴപ്പവുമില്ലെന്നാണ്. ആദ്യം ആ വഴി പോയപ്പോൾ ബൈക്കിന് 60 കിലോമീറ്റർ വേഗമുണ്ടായിരുന്നു. പിന്നീട് ബൈക്ക് സ്റ്റാർട്ട് ആക്കിയതിന് പിന്നാലെയാണ് പെൺകുട്ടി വീണത്. ആരെങ്കിലും സഹപാഠിയെ വീഴ്ത്താൻ നോക്കുമോ', അമൽ ചോദിച്ചു.

അതിനിടെ, കോളേജ് വിദ്യാർഥി അപകടകരമായരീതിയിലാണ് വാഹനമോടിച്ചതെന്ന് പോലീസ് പറഞ്ഞു. സംഭവത്തിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അമലിനെ റോഡിരികിലിട്ട് മർദിച്ച സംഭവത്തിൽ കണ്ടാലറിയാവുന്ന നാട്ടുകാർക്കെതിരേയും നാട്ടുകാരെ മർദിച്ചെന്ന പരാതിയിൽ അമലിനെതിരേയുമാണ് കേസെടുത്തിരിക്കുന്നത്.



1. അമൽ നാട്ടുകാരനായ ഡേവിസിനെ മർദിക്കുന്ന ദൃശ്യം 2&3. അമലിനെ നാ മർദിക്കുന്ന ദൃശ്യം

## ഇന്ത്യയിൽ മൂന്നാം തരംഗം മൂർധന്യത്തിലേക്കെന്ന് വിദഗ്ധർ

ന്യൂഡൽഹി: ഇന്ത്യയിൽ കോവിഡ് മൂന്നാം തരംഗം ജനുവരി 23 ന് മൂർധന്യത്തിലെത്തുമെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി ) കാൺപൂരിലെ വിദഗ്ധർ. ഡൽഹി, മുംബൈ, കൊൽക്കത്ത എന്നിവിടങ്ങളിൽ കഴിഞ്ഞ ഏഴ് ദിവസത്തിനുള്ളിൽ കേസുകളുടെ എണ്ണം ഏറ്റവും ഉയർന്ന നിലയിലെത്തി. ഈ ആഴ്ചയോടെ , മഹാരാഷ്ട്ര, കർണാടക, ഉത്തർപ്രദേശ്, ഗുജറാത്ത്, ഹരിയാന എന്നിവിടങ്ങളിൽ കോവിഡ് കേസുകൾ വർധിക്കും. അതേസമയം ആന്ധ്രാപ്രദേശ്, അസം, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽ അടുത്ത ആഴ്ചയോടെ കേസുകൾ ഉയരും. ഡൽഹി, മുംബൈ, കൊൽക്കത്ത എന്നീ മെട്രോ നഗരങ്ങൾ ഇതിനകം തന്നെ ഏറ്റവും ഉയർന്ന നിലയിലെത്തിയിട്ടുണ്ടെന്നും ഐഐടി കാൺപൂരിലെ പ്രൊഫസറും സൂത്രാ കോവിഡ് മോഡലുമായി ബന്ധപ്പെട്ട ഗവേഷകരിൽ ഒരാളുമായ മനീന്ദ്രാ അഗർവാൾ പറഞ്ഞു.

പ്രതിദിനം 7.2 ലക്ഷം കേസുകളുള്ള ജനുവരി 23 ലെ ഏറ്റവും ഉയർന്ന നിലയിലേക്കാണ് 11ാം തീയതി വരെയുള്ള ഡാറ്റ സൂചിപ്പിക്കുന്നത്. എന്നാൽ ഏറ്റവും ഉയർന്ന നിരക്ക് പ്രതിദിനം നാല് ലക്ഷം കവിയാൻ സാധ്യതയില്ലെന്നും അഗർവാൾ കൂട്ടിച്ചേർത്തു. ജനുവരി അവസാനത്തോടെ കോവിഡ് മൂന്നാം തരംഗം ഉയരുമെന്ന് അഗർവാൾ നേരത്തെ പറഞ്ഞിരുന്നു. നേരത്തെ , ഇൻസ്റ്റിറ്റ്യൂട്ടിലെ മറ്റൊരു ഗവേഷക സംഘം നടത്തിയ പഠനത്തിൽ മൂന്നാം തരംഗം ഫെബ്രുവരി മുന്നോടെ ഉയർന്നേക്കുമെന്ന് പ്രവചിച്ചിരുന്നു.



മണക്കാട് വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലെ വാ
മന്ത്രി വീണാ ജോർജ് സന്ദർശിക്കുന്നു

# ഇന്ത്യയിൽ കോവിഡ് പ്രതിരോധത്തിന് സമഗ്രപദ്ധതി വേണം: ഡബ്ല്യുഎച്ച്ഒ

ന്യൂഡൽഹി: ജനങ്ങളുടെ സഞ്ചാരത്തിന് നിയന്ത്രണവും യാത്രാവിലക്കും പോലുള്ള ഉപരിപ്ലവ സമീപനങ്ങൾ ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് കോവിഡ് നിയന്ത്രണത്തിൽ വിപരീത ഫലമുണ്ടാക്കുമെന്ന് ലോകാരോഗ്യ സംഘടനയുടെ ഇന്ത്യൻ പ്രതിനിധി റോഡെറിക്കോ എച്ച് ഒഫ്രിൻ.

പകർച്ചവ്യാധിയെ പ്രതിരോധിക്കാൻ കൃത്യമായ ലക്ഷ്യവും അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള തന്ത്രങ്ങളുമാണ് വേണ്ടത്. വൈറസിന്റെ ജനിതക വ്യതിയാനം എത്രത്തോളം പകരും, അതുണ്ടാക്കുന്ന രോഗത്തിന്റെ തീവ്രത, വാക്സിനുകൾ എത്രത്തോളം മികച്ചതാണ്, മുമ്പുണ്ടായ പകർച്ചവ്യാധികളിൽ ജനങ്ങൾ അപകടസാധ്യത മനസിലാക്കിയതും നിയന്ത്രണ നടപടികൾ പാലിച്ചതും എങ്ങനെ തുടങ്ങിയവ വിലയിരുത്തി പദ്ധതി തയാറാക്കണം. യാത്രാ നിരോധനമോ ജനങ്ങളുടെ സഞ്ചാര നിയന്ത്രണമോ ലോകാരോഗ്യ സംഘടന ശുപാർശ ചെയ്യുന്നില്ല. പല തരത്തിലും അത്തരം സമീപനങ്ങൾ വിപരീതഫലം ഉണ്ടാക്കാനിടയുണ്ട്. ജനസാന്ദ്രതയിലും ഭൂമിശാസ്ത്രപരമായ ഘടനയിലും വൈവിധ്യം നിറഞ്ഞ ഇന്ത്യ അപകടസാധ്യത അടിസ്ഥാനമാക്കിയുള്ള സമീപനമാണ് മികച്ച പൊതുജനാരോഗ്യ സമ്പ്രദായമായി തുടരേണ്ടത്പിടിഐക്ക് നൽകിയ ഇമെയിൽ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു. ചെയ്യേണ്ടതും ചെയ്യരുതാത്തതുമായ എല്ലാ കാര്യങ്ങളും പാലിച്ചാൽ, ലോക്ഡൗൺ ആവശ്യമില്ല. നിലവിലെ സാഹചര്യത്തിൽ, വാക്സിനേഷൻ വിപുലീകരിക്കുക, മാസ്ക് ഉപയോഗിക്കുക, കൈകളുടെ ശുചിത്വം, ശാരീരിക അകലം എന്നിവ പാലിക്കുക, അടച്ചിട്ട സ്ഥലങ്ങളിൽ വായുസഞ്ചാരം ഉറപ്പാക്കുകയും ആൾക്കൂട്ടം ഒഴിവാക്കുകയും ചെയ്യുക എന്നത് വ്യാപനം കുറയ്ക്കാൻ സഹായിക്കുന്നു.

ഡെൽറ്റയെ അപേക്ഷിച്ച് ഒമിക്രോണിന്റെ വളർച്ച വേഗത്തിലാണ്. എല്ലാ സാമ്പിളുകളുടെയും ജനിതക ശ്രേണീകരണം നടത്തുന്നത് സാധ്യമല്ലെങ്കിലും, നിലവിലെ തരംഗത്തെ പ്രധാനമായും നയിക്കുന്നത് ഒമിക്രോൺ ആണെന്ന് വിദഗ്ധർ സമ്മതിക്കുന്നു. ഈ സാഹചര്യം കൈകാര്യം ചെയ്യുക സർക്കാരിന്റെ മാത്രമല്ല, ഓരോ വ്യക്തിയുടെയും ഉത്തരവാദിത്തമാണെന്ന് 2020 ജൂലൈയിൽ ലോകാരോഗ്യ സംഘടനയുടെ ഇന്ത്യൻ പ്രതിനിധിയായി ചുമതലയേറ്റ ഒഫ്രിൻ പറഞ്ഞു.

ദുർബലരായ ആളുകൾക്കും ഇതുവരെ വാക്സിനെടുക്കാത്തവർക്കും മുൻഗണന നൽകുക എന്നതാണ് ലോകാരോഗ്യ സംഘടനയുടെ പ്രധാന ശുപാർശ. ബൂസ്റ്ററുകൾ നൽകേണ്ടത് രണ്ടാംഘട്ടം മാത്രമാണ്. കോവിഡ് മഹാമാരിയെ നേരിടാൻ ഇന്ത്യൻ സർക്കാരിനെ സഹായിക്കുന്നതിൽ ലോകാരോഗ്യ സംഘടനയുടെ പങ്ക് ചർച്ച ചെയ്യാൻ 23 സംസ്ഥാനങ്ങളിൽ നിന്നുള്ള 2,600 ഫീൽഡ് ഓഫീസർമാരുടെയും ഉദ്യോഗസ്ഥരുടെയും ശൃംഖലയിലൂടെ പിന്തുണയും നൽകുന്നുണ്ടെന്നും എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും സന്ദർശിക്കുമെന്നും അദ്ദേഹം പറഞ്ഞു.

# കോവിഡ് അതിതീവ്രവ്യാപനം: മൂന്നാഴ്ച ഏറെ നിർണായകമെന്ന് മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് കോവിഡ് അതിതീവ്ര വ്യാപനമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഒന്നും രണ്ടും തരംഗത്തിൽ നിന്നും വിഭിന്നമായി കോവിഡ് മൂന്നാം തരംഗത്തിന്റെ ആരംഭത്തിൽ തന്നെ വലിയ വ്യാപനമാണ് ഉണ്ടായിരിക്കുന്നത്. രണ്ടാം തരംഗത്തിൽ വ്യാപനം 2.68 ആയിരുന്നപ്പോൾ ഇപ്പോഴത്തേത്ത് 3.12 ആണ്. അതായത് ഡെൽറ്റയെക്കാൾ ആറിരട്ടി വ്യാപനമാണ് ഒമിക്രോണിനുള്ളത്. അടുത്ത മൂന്നാഴ്ച ഏറെ നിർണായകമാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ കോവിഡ് സാഹചര്യത്തെപ്പറ്റി മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു മന്ത്രി.

ഒന്നും രണ്ടും തരംഗങ്ങൾ ഒറ്റക്കെട്ടായാണ് കേരളം നേരിട്ടത്. രാഷ്ട്രീയത്തിനതീതമായി ഒറ്റക്കെട്ടായി ഈ തരംഗത്തേയും അതിജീവിക്കണം. ഒന്നും രണ്ടും തരംഗത്തിൽ പരമാവധി പീക്ക് ഡിലേ ചെയ്യാനാണ് സംസ്ഥാനം ശ്രമിച്ചത്. ഡെൽറ്റ വൈറസിനേക്കാൾ അതി തീവ്ര വ്യാപന ശേഷിയുള്ള ഒമിക്രോണാണ് മൂന്നാം തരംഗത്തിൽ വ്യാപനം കൂട്ടുന്നത്. ഡെൽറ്റാ വകഭേദത്തിനേക്കാൾ ഒമിക്രോണിന് താരതമ്യേന ഗുരുതരാവസ്ഥ കുറവാണെങ്കിലും ജാഗ്രത കൈവിടാൻ പാടില്ല. വളരെ വേഗം പടർന്ന് പിടിക്കുന്നതിനാൽ ആശുപത്രികളിലും ഐസിയുവിലും വെന്റിലേറ്ററുകളിലുമെത്തുന്ന രോഗികൾ കൂടാൻ സാധ്യതയുണ്ട്.

ഒരു കാരണവശാലും കോവിഡ് വന്ന് പോകട്ടെ എന്ന് കരുതരുത്. കോവിഡിനേയും ഒമിക്രോണിനെയും പറ്റി തെറ്റിദ്ധാരണ പരത്തുന്ന വ്യാജ പ്രചരണമാണ് സോഷ്യൽ മീഡിയയിൽ നടക്കുന്നത്. വ്യാജ വാർത്ത പ്രചരിപ്പിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. ജലദോഷം, പനി, ചുമ, തലവേദന, ശരീരവേദന എന്നീ രോഗലക്ഷണങ്ങളുള്ളവർ വീടുകളിൽ തന്നെ കഴിയണം. ഒമിക്രോൺ ബാധിച്ചവരിൽ ഭൂരിപക്ഷം പേരിലും മണവും രുചിയും നഷ്ടപ്പെടുന്നതായി കാണുന്നില്ല. കോവിഡ് വ്യാപനം തടയുക എന്നത് ഓരോരുത്തരുടേയും ഉത്തരവാദിത്തമാണ്. വ്യക്തിപരമായി ഓരോരുത്തരും ശ്രദ്ധിച്ചില്ലെങ്കിൽ സ്ഥിതി വഷളാകും. ഇപ്പോഴത്തെ സ്ഥിതി വഷളാകാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. വ്യക്തിപരമായും സാമൂഹികവുമായുമുള്ള ഉത്തരവാദിത്വം എല്ലാവരും പാലിക്കണം. എല്ലാവരും മാസ്ക് ധരിക്കുകയും സാമൂഹിക അകലം പാലിക്കുകയും വേണം. എൻ 95 മാസ്കോ, ഡബിൾ മാസ്കോ ആണ് വേണ്ടത്.

പരമാവധി പേർക്ക് വാക്സിൻ നൽകി സുരക്ഷിതമാക്കാനാണ് സംസ്ഥാനം ശ്രമിക്കുന്നത്. 18 വയസിന് മുകളിലുള്ള 99.8 ശതമാനത്തോളം പേർക്ക് ആദ്യ ഡോസ് വാക്സിനും 83 ശതമാനത്തോളം പേർക്ക് രണ്ടാം ഡോസും നൽകാനായി. ഇതുകൂടാതെ കുട്ടികളുടെ വാക്സിനേഷൻ 57 ശതമാനമായി (8,67,199). കരുതൽ ഡോസ് വാക്സിനേഷനും പുരോഗമിക്കുന്നു.

സ്ഥാപനങ്ങൾ ക്ലസ്റ്ററുകൾ ആകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആരോഗ്യ പ്രവർത്തകരും വളരെയേറെ ശ്രദ്ധിക്കണം. 1508 ആരോഗ്യ പ്രവർത്തകർക്കാണ് അടുത്തിടെ കോവിഡ് ബാധിച്ചത്. മാധ്യമ പ്രവർത്തകരും ശ്രദ്ധിക്കണം. ആശുപത്രി ജീവനക്കാരുടെ ഒത്തുചേരലുകൾ ഈ കാലത്ത് പാടില്ല. എല്ലാവരും കരുതൽ ഡോസ് വാക്സിൻ എടുക്കണം. ആശുപത്രി സന്ദർശനം പരമാവധി കുറയ്ക്കണം. രോഗികൾക്കൊപ്പം കൂടുതൽ പേർ ആശുപത്രിയിൽ വരരുത്. ഇ സഞ്ജീവനി സേവനങ്ങൾ പരമാവധി ഉപയോഗിക്കണം.

കോവിഡ് മൂന്നാം തരംഗം മുന്നിൽ കണ്ട് ആരോഗ്യ വകുപ്പ് വളരെ നേരത്തെ തന്നെ മുന്നൊരുക്കം നടത്തിയിരുന്നു. ആശുപത്രികളെ സജ്ജമാക്കുകയും ഓക്സിജനും മരുന്നുകളും സുരക്ഷാ ഉപകരണങ്ങളും ഉറപ്പ് വരുത്തുകയും ചെയ്തു. സർക്കാർ മേഖലയിൽ 3,107 ഐസിയു കിടക്കകളും 2293 വെന്റിലേറ്ററുകളും സ്വകാര്യ മേഖലയിൽ 7468 ഐസിയു കിടക്കകളും 2432 വെന്റിലേറ്ററുകളും ലഭ്യമാണ്. സർക്കാർ ആശുപത്രികളിൽ കോവിഡും നോൺ കോവിഡുമായി 44 ശതമാനം പേർ ഐസിയുവിലും 11.8 ശതമാനം പേർ വെന്റിലേറ്ററിലും ഉണ്ട്. ആകെ 8353 ഓക്സിജൻ കിടക്കകളും സജ്ജമാണ്. അതിൽ 11 ശതമാനത്തിൽ മാത്രമേ രോഗികളുള്ളു.

മൂന്നാം തരംഗമുണ്ടായാൽ ഓക്സിജൻ ലഭ്യത ഉറപ്പ് വരുത്താൻ സംസ്ഥാനം നേരത്തെ തന്നെ മുന്നൊരുക്കം നടത്തിയിരുന്നു. ലിക്വിഡ് ഓക്സിജന്റെ സംഭരണ ശേഷിയും വർധിപ്പിച്ചിട്ടുണ്ട്. സർക്കാർ സ്വകാര്യ മേഖലകളിലായി നിലവിൽ 1817.54 മെട്രിക് ടൺ ലിക്വിഡ് ഓക്സിജൻ സംഭരണ ശേഷിയുണ്ട്. 159.6 മെട്രിക് ടൺ അധിക സംഭരണശേഷി സജ്ജമാക്കാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മുമ്പ് നാല് ഓക്സിജൻ ജനറേറ്ററുകൾ മാത്രമാണുണ്ടായത്. മൂന്നാം തരംഗം മുന്നിൽ കണ്ട് 42 ഓക്സിജൻ ജനറേറ്ററുകൾ അധികമായി സ്ഥാപിച്ചു. 14 എയർ സെപ്പറേഷൻ യൂണിറ്റുകൾ സംസ്ഥാനത്തിന്റെ പല ഭാഗത്ത് നിലവിലുണ്ട്.

സംസ്ഥാനത്ത് മരുന്നുകൾക്ക് ക്ഷാമമെന്ന വാർത്ത അടിസ്ഥാനരഹിതമാണ്. കോവിഡ് ചികിത്സക്കായി ഉപയോഗിക്കുന്ന മരുന്നുകളായ റെംഡെസിവർ, ടോസിലിസാമാബ് എന്നിവയും ബ്ലാക്ക് ഫംഗസ് ചികിത്സക്ക് ഉപയോഗിക്കുന്ന ആംഫോറ്ററിസിനും നിലവിൽ അവശ്യാനുസരണമുണ്ട്. കോവിഡ് ചികിത്സക്കായി ഉപയോഗിക്കുന്ന മോണോകോണൽ ആന്റിബോഡിയും കെ.എം.എസ്.സി.എൽ. മുഖേന സംഭരിച്ചിട്ടുണ്ട്. പിപിഇ കിറ്റ്, മാസ്കുകൾ, ഗ്ലൗസ് തുടങ്ങിയവയുടെ ലഭ്യതയും ഉറപ്പാക്കിയിട്ടുണ്ട്.

കോവിഡ് ചികിത്സക്കായി ഉപയോഗിക്കുന്ന മരുന്നുകൾ കൂടാതെ മറ്റ് ആവശ്യ മരുന്നുകൾ, ആന്റിബയോട്ടിക്കുകൾ, ജീവിത ശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ തുടങ്ങിയവയുടെ ലഭ്യതയും വിലയിരുത്തിയിട്ടുണ്ട്. പേവിഷ പ്രതിരോധ വാക്സിൻ ഉൾപ്പെടെയുള്ള മരുന്നുകൾക്കും ക്ഷാമമില്ല.

വർക്കല താലൂക്ക് ആശുപത്രിയിലെ നഴ്സിംഗ് ഓഫീസർ ഗ്രേഡ് വൺ സരിതയുടെ നിര്യാണത്തിൽ മന്ത്രി അനുശോചനം രേഖപ്പെടുത്തി.

# സഫായി കരംചാരികൾക്കായുള്ള ദേശീയ കമ്മീഷന്റെ കാലാവധി മൂന്ന് വർഷത്തേക്ക് നീട്ടുന്നതിന് കേന്ദ്രമന്ത്രിസഭയുടെ അംഗീകാരം

ദേശീയ സഫായി കരംചാരിസ് കമ്മീഷൻ (എൻസിഎസ്കെ) കാലാവധി 2022 മാർച്ച് 31നു ശേഷം മൂന്ന് വർഷത്തേക്ക് നീട്ടുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ചേർന്ന കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഇതുമൂലമുണ്ടാകുന്ന അധികച്ചെലവ് ഏകദേശം 43.68 കോടി രൂപയായിരിക്കും.

സഫായി കരംചാരികളും കൈകൾ കൊണ്ടു തോട്ടിപ്പണിചെയ്യുന്നവരായി കണ്ടെത്തിയവരുമായിരിക്കും ഇതിന്റെ പ്രധാന ഗുണഭോക്താക്കൾ. എംഎസ് നിയമ സർവേ പ്രകാരം 2021 ഡിസംബർ 31 വരെ കണ്ടെത്തിയ തോട്ടിപ്പണിക്കാരുടെ എണ്ണം 58098 ആണ്.

എൻസിഎസ്കെ നിയമം 1993 ലെ വ്യവസ്ഥകൾ അനുസരിച്ച് 1993ലാണ് 1997 മാർച്ച് 31 വരെയുള്ള കാലയളവിലേക്കായി കമ്മീഷൻ സ്ഥാപിതമായത്. പിന്നീട് നിയമത്തിന്റെ സാധുത ആദ്യം 2002 മാർച്ച് 31 വരെയും അതിനുശേഷം 2004 ഫെബ്രുവരി 29 വരെയും നീട്ടി. എൻസിഎസ്കെ നിയമം 2004 ഫെബ്രുവരി 29 മുതൽ പ്രാബല്യത്തിൽ വന്നില്ല. അതിനുശേഷം പ്രമേയങ്ങളിലൂടെ കാലാകാലങ്ങളിൽ എൻസിഎസ്കെയുടെ കാലാവധി ഒരു നിയമപരമായി നിർബന്ധിതമല്ലാത്ത സമിതിയായി നീട്ടുകയാണ്. നിലവിലെ കമ്മീഷന്റെ കാലാവധി 2022 മാർച്ച് 31 വരെയാണ്.

സഫായി കരംചാരികൾക്കായി നിലവിലുള്ള ക്ഷേമ പരിപാടികൾ പഠിക്കുകയും വിലയിരുത്തുകയും, നിർദ്ദിഷ്ട പരാതികളുടെ കേസുകൾ അന്വേഷിക്കുകയും ചെയ്യുന്നതിന് കമ്മീഷൻ ഗവൺമെന്റിന് അതിന്റെ ശുപാർശകൾ നൽകിവരുന്നു.

2013ലെ അവരുടെ പുനരധിവാസ നിയമം, എൻസിഎസ്കെയെ നിയമത്തിന്റെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾക്ക് ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള ടെൻഡർ ഉപദേശം നൽകുന്നതിനും നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമോ നടപ്പാക്കാതിരിക്കുന്നതോ സംബന്ധിച്ച പരാതികൾ അന്വേഷിക്കുന്നതിനും ചുമതലപ്പെടുത്തി. സഫായി കരംചാരികളുടെ ഉന്നമനത്തിനായി ഗവൺമെന്റ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, സാമൂഹികസാമ്പത്തികവിദ്യാഭ്യാസ രംഗങ്ങളിൽ അവർ അനുഭവിക്കുന്ന അവശതകൾ ഇപ്പോഴും ഇല്ലാതായിട്ടില്ല. കൈകൊണ്ടുള്ള തോട്ടിപ്പണി ഏറെക്കുറെ ഇല്ലാതാക്കിയെങ്കിലും, ഇടയ്ക്കിടെ സംഭവിക്കാറുണ്ട്. മലിനജലം/സെപ്റ്റിക് ടാങ്കുകൾ അപകടകരമായ രീതിയിൽ ശുചീകരിക്കുന്നത് ഗവൺമെന്റിന്റെ ഏറ്റവും ഉയർന്ന മുൻഗണനാ മേഖലയായി തുടരുന്നു.

അതിനാൽ, സഫായി കരംചാരികളുടെ ക്ഷേമത്തിനായുള്ള ഗവൺമെന്റിന്റെ വിവിധ ഇടപെടലുകളും സംരംഭങ്ങളും നിരീക്ഷിക്കേണ്ടതും രാജ്യത്തെ മലിനജല/സെപ്റ്റിക് ടാങ്കുകളുടെ സമ്പൂർണ യന്ത്രവൽക്കരണവും, കൈകൊണ്ടുള്ള തോട്ടിപ്പണിക്കാരുടെ പുനരധിവാസവും എന്ന ലക്ഷ്യം കൈവരിക്കേണ്ടതും തുടർച്ചയായി ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു.

# സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം


കേരള സിലബസ് ഏഴാം ക്ലാസ് നിലവാരത്തിലുള്ള കണക്ക്, സയൻസ്, ഇംഗ്ലീഷ്, മലയാളം, സാമൂഹ്യശാസ്ത്രം, പൊതുവിജ്ഞാനം, യുക്തിവിചാരം അടിസ്ഥാനമാക്കി ഒബ്ജക്റ്റീവ് പരീക്ഷയിലൂടെ സാങ്കേതികപൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളായ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിലേക്കു പ്രവേശനം നടത്തും.

വിദ്യാത്ഥികൾക്ക് എട്ടാം ക്ലാസിലേക്ക് പ്രവേശനവും തെരഞ്ഞെടുക്കുന്ന സ്പെഷ്യലിസ്റ്റ് എൻജിനിയറിങ് ട്രേഡിലും ദേശീയ നൈപുണ്യ പദ്ധതി ട്രേഡിലും സാങ്കേതിക പരിജ്ഞാനവും, പത്താം ക്ലാസ് വിജയികൾക്ക് ടിഎച്ച്എസ്എൽസി ട്രേഡ് സർട്ടിഫിക്കറ്റിനൊപ്പം ദേശീയ നൈപുണ്യ പദ്ധതി ലെവൽ രണ്ട് സർട്ടിഫിക്കറ്റും നൽകും.

ഐറ്റിഐ യോഗ്യതക്ക് തത്തുല്യമായി ടിഎച്ച്എസ്എൽസി ട്രേഡ് യോഗ്യതയുള്ളവർക്ക് കേരളാ പി.എസ്.സി തസ്തികകൾക്ക് പരിഗണന, പോളിടെക്നിക് കോളേജിൽ എൻജിനിയറിങ് ഡിപ്ലോമ കോഴ്സുകൾക്ക് 10 ശതമാനം സീറ്റ് സംവരണം, ഇംഗ്ലീഷ് പ്രാവീണ്യത്തിന് 'Enrich your English' പദ്ധതി, പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർസപ്പോർട്ട് സ്കീം, വിവിധ സ്കോളർഷിപ്പുകൾ, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം, സംസ്ഥാനതല കലാകായികശാസ്ത്ര സാങ്കേതികമേളയിൽ പങ്കെടുക്കുന്നതിന് അവസരവും ഗ്രേസ്മാർക്കും സംസ്ഥാന അംഗീകാരവും, എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുക, എൻജിനിയറിങ് പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുക, പട്ടികജാതിപട്ടികവർഗം, ഒ.ഇ.സി വിഭാഗക്കാർക്ക് ലംപ് സംഗ്രാന്റ്, സ്റ്റൈപന്റ് ബുക്ക് അലവൻസ് നൽകുക, എല്ലാ പെൺകുട്ടികൾക്കും, ബി പി എൽ, എസ്.സി, എസ്.റ്റി, ഒ.ഇ.സി കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകുക തുടങ്ങി നിരവധി ആനുകൂല്യങ്ങളാണ് വിദ്യാർത്ഥികൾക്ക് ലഭിക്കുക.

അത്യാധുനിക സംവിധാനങ്ങളും, ഹൈടെക്ക് സ്മാർട്ട് ക്ലാസ്റൂമുകളും മറ്റു സൗകര്യങ്ങളും വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുണ്ട്.

അടുത്ത അധ്യയന വർഷത്തേക്കുള്ള പ്രവേശനത്തിന് രജിസ്ട്രേഷൻ ആരംഭിച്ചു. വിശദവിവരങ്ങൾക്ക്: 9745331105, 9745261235, 9388163842.



# കുട്ടികൾക്ക് നിർബന്ധിത വാക്സിൻ: സുപ്രീം കോടതി 31ന് വാദം കേൾക്കും

ന്യൂഡൽഹി: സ്കൂൾ പ്രവേശനത്തിനും കാമ്പസുകൾ തുറക്കുന്നതിനുമായി 1518 വയസിനിടയിലുള്ള കുട്ടികൾക്ക് നിർബന്ധിതമായി കോവിഡ് വാക്സിനുകൾ നൽകുന്നത് ഭരണഘടനാവിരുദ്ധമാണെന്ന് പ്രഖ്യാപിക്കാനും സ്റ്റേ ചെയ്യാനും ആവശ്യപ്പെട്ടുള്ള ഹർജിയിൽ സുപ്രീം കോടതി ജനുവരി 31 ന് വാദം കേൾക്കും.

നാഷണൽ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് ഓൺ ഇമ്മ്യൂണൈസേഷൻ മുൻ അംഗം ഡോ. ജേക്കബ് പുളിയേലിന്റെ ഹർജിയിൽ നേരത്തെ വാദം കേൾക്കണമെന്ന അഡ്വ. പ്രശാന്ത് ഭൂഷന്റെ ആവശ്യത്തെത്തുടർന്ന് ജസ്റ്റിസുമാരായ എൽ നാഗേശ്വര റാവു, ബി ആർ ഗവായ് എന്നിവരടങ്ങിയ ബെഞ്ചാണ് വിഷയം പരിഗണിക്കാൻ തീരുമാനിച്ചത്. മുതിർന്നവർക്കുള്ള വാക്സിനുകളുടെ സമ്പൂർണ ഡാറ്റയും കുട്ടികൾക്ക് നൽകുന്ന വാക്സിനുകളെക്കുറിച്ച് നടത്തിയ പരീക്ഷണങ്ങളുടെ എല്ലാ ഘട്ടങ്ങളുടെയും മുഴുവൻ ഡാറ്റയും പുറത്തുവിടാൻ കേന്ദ്രത്തോട് നിർദേശിക്കണമെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കോ കായിക സൗകര്യങ്ങൾക്കോ പ്രവേശിക്കുന്നതിനുള്ള മുൻകരുതലായി പോലും കുട്ടികൾക്ക് വാക്സിൻ നിർബന്ധമാക്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് അഭിഭാഷകനായ ചെറിൽ ഡിസൂസ തയാറാക്കിയ ഹർജിയിൽ പറയുന്നു. സ്കൂളുകൾ തുറക്കുന്നതിനും കായിക പരിശീലന പ്രവേശനം നടത്തുന്നതിനും സർക്കാരും ആരോഗ്യവിഭാഗവും കുട്ടികൾക്ക് കോവിഡ് വാക്സിൻ നൽകണമെന്ന് മാധ്യമങ്ങളിലൂടെ ആവശ്യപ്പെടുന്നതായി റിപ്പോർട്ടുകളുണ്ട്. ഇപ്പോഴും ഗവേഷണ ഘട്ടത്തിലുള്ള വാക്സിനുകൾ സ്വീകരിക്കാൻ കുട്ടികളെയോ മാതാപിതാക്കളെയോ നിർബന്ധിക്കുന്നത് അധാർമ്മികവും നിരുത്തരവാദപരവുമാണെന്നും ഹർജി ചൂണ്ടിക്കാട്ടുന്നു.

പൊതുതാല്പര്യാർത്ഥം ഏതെങ്കിലും വാക്സിൻ സാർവത്രികമായി ശുപാർശ ചെയ്യണമെങ്കിൽ, വ്യക്തമായ ആരോഗ്യനയത്തിന്റെ അടിസ്ഥാനത്തിലുള്ളതും യുക്തിഭദ്രവും വാക്സിനേഷന്റെ രോഗപ്രതിരോധത്തിലെ ഫലപ്രാപ്തിയിലും സുരക്ഷിതത്വത്തിലും ഉറപ്പുള്ളതുമായിരിക്കണം. എന്നാൽ കോവിഡ് വാക്സിനുകൾ രോഗബാധയോ പകർച്ചയോ തടയുന്നില്ലെന്നും വൈറസിന്റെ പുതിയ വകഭേദങ്ങളിൽ ഫലപ്രദമല്ലെന്നും വിവിധ അന്താരാഷ്ട്ര ഗവേഷണ പ്രബന്ധങ്ങളെ ഉദ്ധരിച്ച് ഹർജിയിൽ പറഞ്ഞു. പൂർണമായും വാക്സിനേഷൻ നൽകിയ രാജ്യങ്ങളിൽ വൈറസ് പൊട്ടിപ്പുറപ്പെട്ടതിന് നിരവധി ഉദാഹരണങ്ങളുണ്ട്. ഐസ്!ലാന്റും ഇസ്രായേലും ഉദാഹരണം.

ജനസംഖ്യയുടെ ഉയർന്ന ശതമാനം പൂർണമായും വാക്സിനെടുത്തിട്ടും അവിടങ്ങളിൽ കേസുകളുടെ വർധനയുണ്ടായി. വാക്സിനുകൾ ഫലപ്രദമായ ഗ്യാരണ്ടി നൽകാത്തതിനാൽ നിർബന്ധിതമോ കുട്ടികളുടെ സമ്മതമില്ലാതെയോ നൽകുന്നത് പൊതുജനാരോഗ്യ പ്രശ്നമാകില്ല എന്നും ഹർജിയിൽ പറയുന്നു.

# വ്യാഴാഴ്ച മുതൽ കൂടുതൽ സ്കൂളുകളിൽ വാക്സിനേഷൻ: മന്ത്രി വീണാ ജോർജ്

## കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രം മന്ത്രി വീണാ ജോർജ് സന്ദർശിച്ചു

വ്യാഴാഴ്ച മുതൽ കൂടുതൽ സ്കൂളുകളിൽ വാക്സിനേഷൻ സെഷനുകൾ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആദ്യ ദിനത്തിൽ 125 സ്കൂളുകളിലെ വാക്സിനേഷൻ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചത്.

500ൽ കൂടുതൽ വാക്സിനെടുക്കാനുള്ള കുട്ടികളുള്ള സ്കൂളുകളെ തിരഞ്ഞെടുത്താണ് വാക്സിനേഷൻ നടത്തുന്നത്. അത് പൂർത്തിയായതിനുശേഷം മറ്റു സ്കൂളുകളിൽ വാക്സിനേഷൻ സെഷനുകൾ ആലോചിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. മണക്കാട് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വാക്സിനേഷൻ കേന്ദ്രം മന്ത്രി സന്ദർശിച്ചു.

മണക്കാട് സ്കൂളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചത്. മൂവായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളാണ്. അറുന്നൂറോളം കുട്ടികളാണ് ഇനി വാക്സിനെടുക്കാനുള്ളത്. 200 ഓളം കുട്ടികൾ ബുധനാഴ്ച വാക്സിനെടുത്തു.

മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് സ്കൂളുകളിലെ വാക്സിനേഷൻ യാഥാർത്ഥ്യമാക്കിയത്. കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് വാക്സിനേഷൻ നടത്തുന്നത്. ഡോക്ടറുടെയും സ്റ്റാഫ് നഴ്സിന്റേയും സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ക്ലസ്റ്ററുകളായ സ്കൂളുകളിലെ വാക്സിനേഷൻ സ്കൂൾ തുറന്ന ശേഷമായിരിക്കും നടത്തുക. കോവിഡ് വന്ന കുട്ടികൾക്ക് മൂന്ന് മാസത്തിന് ശേഷം വാക്സിനെടുത്താൽ മതിയെന്നും മന്ത്രി വ്യക്തമാക്കി.

സംസ്ഥാനത്ത് ബുധനാഴ്ച 27,087 കുട്ടികൾക്കാണ് വാക്സിൻ നൽകിയത്. ഇതുവരെ ആകെ 57 ശതമാനം (8,668,721) കുട്ടികൾക്ക് വാക്സിൻ നൽകി.

## വാക്ക് ഇൻ ഇന്റർവ്യൂ

നെയ്യാർ ഡാം ആർ പരമേശ്വരൻ പിള്ള മെമ്മോറിയൽ ആർട്സ് ആൻഡ് സയൻസ് കോളേജിൽ കരാർ വ്യവസ്ഥയിൽ താത്ക്കാലികമായി നിയമിക്കുന്നതിന് ഒരു കമ്പ്യൂട്ടർ ലാബ് അസിസ്റ്റന്റ് ഒഴിവുണ്ട്.

നിർദിഷ്ട യോഗ്യത ഉള്ളവർ ജനുവരി 27ന് രാവിലെ 10.30ന് അസൽ സർട്ടിഫിക്കറ്റുകളുമായി കോളേജിൽ ഹാജരാകണം.

കൂടുതൽ വിവരങ്ങൾക്ക്: 9443607001.

# ഏകദിനത്തിലും തോറ്റ് തുടങ്ങി; ഇന്ത്യക്ക് 31 റൺസ് പരാജയം



പാറൽ: ടെസ്റ്റ് പരമ്പര കൈവിട്ടതിൻറെ ക്ഷീണം തീർക്കാൻ ഇറങ്ങിയ ടീം ഇന്ത്യക്ക് ഏകദിനത്തിലും നിരാശ. പരമ്പരയിലെ ആദ്യ മത്സരത്തിൽ ദക്ഷിണാഫ്രിക്ക് 31 റൺസിന് ഇന്ത്യയെ പരാജയപ്പെടുത്തി. ദക്ഷിണാഫ്രിക്കയുടെ 296 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യക്ക് എട്ട് വിക്കറ്റ് നഷ്ടത്തിൽ 265 റൺസ് എടുക്കാനേ സാധിച്ചുള്ളൂ.

ക്യാപ്റ്റൻ തെംബ ബൗമയുടേയും (143 പന്തിൽ 110) റസി വാൻ ഡർ ഡസൻറെയും (96 പന്തിൽ 129 നോട്ടൗട്ട്) സെഞ്ചുറിയാണ് ദക്ഷിണാഫ്രിക്കയ്ക്ക് കൂറ്റൻ സ്കോർ നൽകിയത്. ഇരുവരും ചേർന്ന് നാലാം വിക്കറ്റിൽ 204 റൺസ് ആണ് അടിച്ചെടുത്തത്.

17.4 ഓവറിൽ 68 റൺസ് എടുക്കുന്നതിനിടെ മൂന്ന് വിക്കറ്റ് നഷ്ടമായ ദക്ഷിണാഫ്രിക്ക പതറിയപ്പോഴാണ് തെംബ ബൗമയും ഡസനും ക്രീസിൽ ഒന്നിച്ചത്. ഇരുവരും ചേർന്ന് സന്ദർശക ബൗളർമാരെ തലങ്ങും വിലങ്ങും അടിച്ചുപറത്തി. നാല് സിക്സും ഒൻപത് ഫോറും അടക്കം 134.38 സ്ട്രൈക്ക് റേറ്റിലായിരുന്നു വാൻ ഡർ ഡസൻറെ ആക്രമണ ബാറ്റിംഗ്. ഇന്ത്യക്കെതിരേ ഏകദിനത്തിൽ ദക്ഷിണാഫ്രിക്കയുടെ ഏറ്റവും ഉയർന്ന രണ്ടാമത്തെ കൂട്ടുകെട്ടായിരുന്നു ബൗമ ഡസൻ സഖ്യത്തിൻറേത്.

മറുപടി ബാറ്റിംഗിനിറങ്ങിയ ഇന്ത്യക്ക് തുടക്കത്തിലെ ക്യാപ്റ്റൻ കെ.എൽ രാഹുലിനെ നഷ്ടമായി. ഏകദിന ക്യാപ്റ്റൻസിയിൽ അരങ്ങേറ്റം നടത്തിയ രാഹുലിൻറെ സമ്പാദ്യം 12 റൺസായിരുന്നു. പിന്നീട് ക്രീസിൽ ഒന്നിച്ച ധവാനും (79) മുൻ ക്യാപ്റ്റൻ വിരാട് കോഹ്ലിയും (51) ഇന്ത്യയ്ക്ക് പ്രതീക്ഷ നൽകി. ഇരുവരും ചേർന്ന് 102 പന്തിൽ 92 റൺസ് നേടി.

എന്നാൽ അടുത്തടുത്ത് ധവാനും കോഹ്ലിയും മടങ്ങിയതോടെ ഇന്ത്യൻ തകർച്ച ആരംഭിച്ചു. പന്ത് (16), ശ്രേയസ് അയ്യർ (16), വെങ്കിടേഷ് അയ്യർ (2), അശ്വിൻ (7), ഭുവനേശ്വർ (4) എന്നിവർ വന്നതുപോലെ മടങ്ങി. വാലറ്റത്ത് അർധസെഞ്ചുറിയുമായി ശാർദൂൽ ഠാക്കൂർ (50) പൊരുതിയെങ്കിലും ജയിക്കാൻ മതിയാകുമായിരുന്നില്ല.

# റഷ്യൻ സൈനികർ തയാർ; ആക്രമണഭീതിയിൽ യുക്രെയ്ൻ

കീവ്: റഷ്യ ഏതു നിമിഷവും ആക്രമണം നടത്തിയേക്കുമെന്ന ഭീതിയിൽ യുക്രെയ്ൻ. അതിർത്തിയിൽ റഷ്യ സൈനികവിന്യാസം ഏതാണ്ടു പൂർത്തിയാക്കിയതായി യുക്രെയ്ൻ ഇൻറലിജൻസ് വൃത്തങ്ങൾ മുന്നറിയിപ്പു നല്കി.

അതിർത്തിയിലേക്കു കൂടുതൽ ആയുധങ്ങൾ എത്തിച്ചതിനു പുറമേ ആശുപത്രികളും സജ്ജമാക്കി. ചാരപ്രവർത്തനവും ഊർജിതമാണ്. യുക്രെയ്ൻ ഇൻറലിജൻസ് റിപ്പോർട്ടിനെ ആധാരമാക്കി അമേരിക്കയിലെ സിഎൻഎൻ ചാനൽ ആണു വാർത്ത പുറത്തുവിട്ടത്.

1,27,000 റഷ്യൻ പട്ടാളക്കാരെയാണു യുക്രെയ്ൻ അതിർത്തിയോടു ചേർന്നു വിന്യസിച്ചിരിക്കുന്നത്. 1,0,6000 പേർ കരസേനാംഗങ്ങളാണ്. ഡിസംബർ അവസാനം മുതലാണ് അതിർത്തിയിലേക്കു കൂടുതൽ അയുധങ്ങൾ എത്തിച്ചത്. ചാരപ്രവർത്തനത്തിനായി കൂടുതൽ റേഡിയോകൾ എത്തിച്ചിട്ടുണ്ട്. ഉപഗ്രഹങ്ങളും ഉപയോഗിക്കുന്നുണ്ട്.

യൂറോപ്യൻ യൂണിയനെയും നാറ്റോ സൈനിക സഖ്യത്തെയും ശിഥിലമാക്കാൻ ലക്ഷ്യമിട്ടാണു റഷ്യയുടെ നീക്കങ്ങളെന്നും യുക്രെയ്ൻ വൃത്തങ്ങൾ ചൂണ്ടിക്കാട്ടുന്നു. യൂറോപ്പിൻറെ സുരക്ഷയ്ക്ക് അമേരിക്കയ്ക്കു കാര്യമായി ഒന്നും ചെയ്യാനാവില്ലെന്നു തെളിയിക്കാനും റഷ്യ ശ്രമിക്കുന്നു.

ജനുവരി അവസാനത്തോടെ റഷ്യ യുക്രെയ്നിൽ അധിനിവേശം നടത്തുമെന്ന റിപ്പോർട്ട് യുക്രെയ്ൻ വൃത്തങ്ങളും അമേരിക്കൻ മാധ്യമങ്ങളും നേരത്തേ പുറത്തുവിട്ടിരുന്നു. യുക്രെയ്നെ നാറ്റോ സഖ്യത്തിൽ ചേർക്കാനുള്ള നീക്കമാണു റഷ്യയെ ചൊടിപ്പിക്കുന്നത്. സംഘർഷം ലഘൂകരിക്കാനായി അമേരിക്കൻ പ്രസിഡൻറ് ബൈഡനും റഷ്യൻ പ്രസിഡൻറ് പുടിനും രണ്ടുവട്ടം ഓൺലൈൻ ചർച്ച നടത്തിയിരുന്നു.

യുക്രെയ്നെ ആക്രമിച്ചാൽ ശക്തമായ ഉപരോധം നേരിടേണ്ടിവരുമെന്നു ബൈഡൻ മുന്നറിയിപ്പു നല്കിയിരുന്നു. 2014ൽ റഷ്യ യുക്രെയ്ൻറെ ഭാഗമായ ക്രിമിയ പിടിച്ചെടുത്തിരുന്നു. കിഴക്കൻ യുക്രെയ്നെ നിയന്ത്രിക്കുന്ന വിമതരെയും റഷ്യ പിന്തുണയ്ക്കുന്നു.

# തിരിച്ചടിച്ചു സൗദി; യെമനിൽ വ്യോമാക്രമണം

സന/ടെഹ്റാൻ: യെമൻ തലസ്ഥാനമായ സനയിൽ സൗദിയുടെ വ്യോമാക്രമണം. പാർലമെൻറ് മന്ദിരത്തിലും മിലിട്ടറി അക്കാഡമിയിലും ഇന്നലെ രാവിലെ ബോംബ് പതിച്ചു.

അബുദാബിയിലെ എണ്ണ സംഭരണ ടാങ്കുകൾക്കു നേരേ ഹൗതി വിമതർ നടത്തിയ ഡ്രോൺ ആക്രമത്തിനു തിരിച്ചടിയായാണ് സൗദിയുടെ വ്യോമാക്രമണം. തിങ്കളാഴ്ച എണ്ണടാങ്ക് പൊട്ടിത്തെറിച്ച് രണ്ട് ഇന്ത്യക്കാർ ഉൾപ്പെടെ മൂന്നു പേരാണു മരിച്ചത്.

സനയിൽ ഹൗതികളുടെ ശക്തി കേന്ദ്രങ്ങളിലും അവരുടെ ക്യാന്പുകളിലുമാണ് വ്യോമാക്രമണം നടത്തിയതെന്ന് സൗദി അറിയിച്ചു. യെമനിൽ എൺപതിലധികം ഹൗതി വിമതരെ വധിച്ചതായി സൗദി സഖ്യസേന അറിയിച്ചു. 17 തവണയാണ് ആക്രമണം നടത്തിയത്. ആയുധ കേന്ദ്രങ്ങൾ നശിപ്പിച്ചു.

യെമനിൽ വ്യോമാക്രമണം നടത്തുമെന്നു സൗദി സഖ്യം തിങ്കളാഴ്ചതന്നെ പ്രഖ്യാപിച്ചിരുന്നു.തിങ്കാഴ്ച രാത്രി മുഴുവൻ വ്യോമാക്രമണമുണ്ടായി. സനയ്ക്കു വടക്കു പടിഞ്ഞാറ് അൽലിബി ജില്ലയിൽ സൗദിയുടെ വ്യോമാക്രമണത്തിൽ അഞ്ച് വീടുകൾ തകർന്നു. നിരവധി വീടുകൾക്കു കേടുപാടുകൾ സംഭവിച്ചു. ഒരു സ്ത്രീയും കുട്ടിയും ഉൾപ്പെടെ 23 പേർ കൊല്ലപ്പെട്ടു.

അൽമുസാഫ ഐക്കാഡ് സിറ്റിയിലെ മൂന്ന് എണ്ണ സംഭരണ ടാങ്കാണു ഡ്രോൺ ആക്രമണത്തിൽ പൊട്ടിത്തെറിച്ചത്. സ്ഫോടനത്തിൽ മൂന്നു പേർ കൊല്ലപ്പെടുകയും ആറു പേർക്ക് പരിക്കേൽക്കുകയും ചെയ്തു

# വ്യാഴാഴ്ച മുതൽ കൂടുതൽ സ്കൂളുകളിൽ വാക്സിനേഷൻ: മന്ത്രി വീണാ ജോർജ്

കുട്ടികളുടെ വാക്സിനേഷൻ കേന്ദ്രം മന്ത്രി വീണാ ജോർജ് സന്ദർശിച്ചു

വ്യാഴാഴ്ച മുതൽ കൂടുതൽ സ്കൂളുകളിൽ വാക്സിനേഷൻ സെഷനുകൾ ആരംഭിക്കുമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. ആദ്യ ദിനത്തിൽ 125 സ്കൂളുകളിലെ വാക്സിനേഷൻ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചത്. 500ൽ കൂടുതൽ വാക്സിനെടുക്കാനുള്ള കുട്ടികളുള്ള സ്കൂളുകളെ തിരഞ്ഞെടുത്താണ് വാക്സിനേഷൻ നടത്തുന്നത്. അത് പൂർത്തിയായതിനുശേഷം മറ്റു സ്കൂളുകളിൽ വാക്സിനേഷൻ സെഷനുകൾ ആലോചിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. മണക്കാട് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ വാക്സിനേഷൻ കേന്ദ്രം മന്ത്രി സന്ദർശിച്ചു.

മണക്കാട് സ്കൂളിൽ നിന്ന് നല്ല പ്രതികരണമാണ് ലഭിച്ചത്. മൂവായിരത്തിലധികം വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളാണ്. അറുന്നൂറോളം കുട്ടികളാണ് ഇനി വാക്സിനെടുക്കാനുള്ളത്. 200 ഓളം കുട്ടികൾ ബുധനാഴ്ച വാക്സിനെടുത്തു. മുഖ്യമന്ത്രിയുടെ നിർദേശ പ്രകാരം ആരോഗ്യ വകുപ്പും വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് സ്കൂളുകളിലെ വാക്സിനേഷൻ യാഥാർത്ഥ്യമാക്കിയത്. കോവിഡ് പ്രോട്ടോകോൾ പാലിച്ചാണ് വാക്സിനേഷൻ നടത്തുന്നത്. ഡോക്ടറുടെയും സ്റ്റാഫ് നഴ്സിന്റേയും സേവനം ഉറപ്പ് വരുത്തിയിട്ടുണ്ട്. ക്ലസ്റ്ററുകളായ സ്കൂളുകളിലെ വാക്സിനേഷൻ സ്കൂൾ തുറന്ന ശേഷമായിരിക്കും നടത്തുക. കോവിഡ് വന്ന കുട്ടികൾക്ക് മൂന്ന് മാസത്തിന് ശേഷം വാക്സിനെടുത്താൽ മതിയെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്ത് ബുധനാഴ്ച 27,087 കുട്ടികൾക്കാണ് വാക്സിൻ നൽകിയത്. ഇതുവരെ ആകെ 57 ശതമാനം (8,668,721) കുട്ടികൾക്ക് വാക്സിൻ നൽകി.

# അന്യത്രസേവന നിയമനം

തൊഴിൽ വകുപ്പിന്റെ കീഴിലുള്ള കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ വിവിധ ജില്ലാ ഓഫീസുകളിൽ വിവിധ ഒഴിവുകളിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിന് വിവിധ സർക്കാർ വകുപ്പുകളിലെ സമാന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

എറണാകുളം ജില്ലയിൽ ഹെഡ് ക്ലാർക്ക്, എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലും തൃശൂരിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, ഹെഡ് ക്ലാർക്ക്, യു.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ്, എൽ.ഡി.ക്ലാർക്ക് മലപ്പുറത്ത് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, അഡീഷണൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, യു.ഡി.ക്ലാർക്ക്, എൽ.ഡി.ക്ലാർക്ക് കോഴിക്കോട് ഹെഡ് ക്ലാർക്ക്, എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് കണ്ണൂരിൽ ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ, ഹെഡ് ക്ലാർക്ക്, യു.ഡി.ക്ലാർക്ക്, എൽ.ഡി.ക്ലാർക്ക് കാസർഗോഡ് ഹെഡ് ക്ലാർക്ക്, യു.ഡി.ക്ലാർക്ക്, എൽ.ഡി.ക്ലാർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് എന്നീ തസ്തികകളിലുമാണ് ഒഴിവുള്ളത്. താത്പര്യമുള്ളവർ കെ.എസ്.ആർ പാർട്ട്-1, റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, ഡിക്ലറേഷൻ, വകുപ്പു മേധാവിയിൽ നിന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം സഹിതമുള്ള അപേക്ഷയുടെ രണ്ട് പകർപ്പുകൾ സെക്രട്ടറി, കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്, നിർമ്മാൺ ഭവൻ, മേട്ടുക്കട, തൈയ്ക്കാട് പി.ഒ, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ ഫെബ്രുവരി 15ന് മുൻപ് ലഭ്യമാക്കണം.

# യുപിയിൽ അപ്നാദളും നിഷാദ് പാർട്ടിയുമായി ബിജെപി സഖ്യം

ലഖ്!നൗ: ഉത്തർപ്രദേശിൽ ബിജെപിയും അപ്നാദളും നിഷാദ് പാർട്ടിയും സഖ്യം രൂപീകരിച്ചു. അമിത് ഷാ, അനുരാഗ് ഠാക്കൂർ, ആദിത്യനാഥ്, ബിജെപി ദേശീയ അധ്യക്ഷൻ ജെപി നദ്ദ, എന്നിവർ പങ്കെടുത്ത യോഗത്തിനുശേഷമാണ് തീരുമാനം. നിഷാദ് പാർട്ടിക്ക് 15 സീറ്റും അപ്!നാദളിന് 18 മുതൽ 20 വരെ സീറ്റുകളും നൽകാനാണ് തീരുമാനം. നിഷാദ് പാർട്ടി അധ്യക്ഷൻ സഞ്ജയ് നിഷാദ് ആണ് ഇക്കാര്യം മാധ്യമങ്ങളെ അറിയിച്ചത്. കിഴക്കൻ യുപിയിലും പടിഞ്ഞാറൻ യുപിയിലുമാണ് നിഷാദ് പാർട്ടിക്ക് സീറ്റുകൾ ലഭിക്കുകയെന്ന് സഞ്ജയ് വ്യക്തമാക്കി. ഒബിസി വിഭാഗമായ നിഷാദ് സമുദായത്തിന്റെ പിന്തുണയുള്ള പാർട്ടിയാണിത്.

അനുപ്രിയ പട്ടേൽ അധ്യക്ഷയായ അപ്!നദളിന് 18 മുതൽ 20 വരെ സീറ്റുകളാണ് ലഭിക്കുക. 2017 തെരഞ്ഞെടുപ്പിൽ 12 സീറ്റിൽ സ്ഥാനാർത്ഥികളെ നിർത്തിയ അപ്!നാദൾ ഒമ്പത് സീറ്റിൽ വിജയിച്ചിരുന്നു. കഴിഞ്ഞ ആഴ്ച അപ്!നാദൾ എംഎൽഎമാരായ ആർ കെ വർമ, ചൗധരി അമർ സിങ് എന്നിവർ പാർട്ടി വിട്ടിരുന്നു. ഒബിസി വിഭാഗത്തിലുള്ള പ്രമുഖ നേതാക്കൾ പാർട്ടിവിട്ട സാഹചര്യത്തിൽ ഒബിസി വോട്ട് ബാങ്ക് ലക്ഷ്യമിട്ടുള്ള നീക്കങ്ങളാണ് ബിജെപി നടത്തുന്നത്

# ബ്രിട്ടനിൽ കോവിഡ് നിയന്ത്രണങ്ങൾ ഇല്ല

ലണ്ടൻ: ബ്രിട്ടനിൽ കോവിഡ് നിയന്ത്രണങ്ങൾ നിർത്തലാക്കുകയാണെന്നു പ്രധാനമന്ത്രി ബോറിസ് ജോൺസൻ പ്രഖ്യാപിച്ചു. അടുത്ത വ്യാഴം മുതൽ മാസ്ക് ധരിക്കേണ്ടതില്ല. ക്ലബുകളിലും ബാറുകളിലും കയറാൻ കോവിഡ് പാസ് വേണ്ട. വീട്ടിലിരുന്നു ജോലി ചെയ്യുന്ന സംവിധാനം ആവശ്യമില്ല. എന്നാൽ മഹാമാരി ഒടുങ്ങിയിട്ടില്ലെന്നും ജാഗ്രത തുടരണമെന്നും ബോറിസ് ജോൺസൻ പറഞ്ഞു.

ഒമിക്രോൺ മൂലമുള്ള കോവിഡ് നിരക്ക് ഉയർന്ന നിലയിലെത്തിയതായി വിദഗ്ധർ വിലയിരുത്തുന്നതു ചൂണ്ടിക്കാട്ടിയാണു ജോൺസൻറെ പ്രഖ്യാപനം. ബൂസ്റ്റർ ഡോസ് ക്യാംപെയിനും വിജയം കണ്ടു. 60 വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ 90 ശതമാനത്തിനും മൂന്നാം ഡോസ് നൽകി. ആകെ 3.6 കോടി ബൂസ്റ്റർ ഡോസുകളാണ് വിതരണം ചെയ്തത്.

തൽക്കാലം ഐസലേഷൻ ചട്ടങ്ങൾ തുടരുമെങ്കിലും മാർച്ചിനപ്പുറം നീട്ടില്ല. കോവിഡ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കുന്നത് അവസാനിപ്പിക്കുമെന്നും ജോൺസൻ പാർലമെൻറിൽ പറഞ്ഞു.

# സഹപ്രവർത്തകയെ പീഡിപ്പിച്ച കേസിൽ എയർപോർട്ട് ഓഫീസർക്ക് മുൻകൂർ ജാമ്യം

കൊച്ചി: സ്ത്രീ പീഡന കേസിൽ തിരുവനന്തപുരം വിമാനത്താവളത്തിലെ ചീഫ് എയർപോർട്ട് ഓഫീസർ മധുസൂദന റാവുവിന് ഹൈക്കോടതി ഉപാധികളോടെ മുൻകൂർ ജാമ്യം അനുവദിച്ചു. അന്വേഷണ ഉദ്യോഗസ്ഥന്റെ അനുമതി ഇല്ലാതെ തിരുവനന്തപുരം വിടരുത്, ജോലി സ്ഥലത്ത് പ്രവേശിക്കരുത്, അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുമ്പോൾ ഹാജരാവണം, ഒരു ലക്ഷം രൂപയുടെ ബോണ്ട് എന്നിവയാണ് വ്യവസ്ഥകൾ.

യുവതിയുടെ വാട്സ്ആപ്പ് ചാറ്റുകൾ പരിശോധിച്ച ശേഷമാണ് കോടതിയുടെ ഉത്തരവ്. പണം തട്ടാനാണ് യുവതിയുടെ ശ്രമമെന്നും മെഡിക്കൽ പരിശോധന നടന്നിട്ടില്ലെന്നും ഹർജിക്കാരൻ ചൂണ്ടിക്കാട്ടി. ഉദ്യോഗസ്ഥന്റെ സഹപ്രവർത്തകയായിരുന്ന യുവതിയുടെ പരാതിയിലാണ് തുമ്പ പൊലീസ് കേസെടുത്തത്. പീഡനം നടന്നെന്ന് പറയുന്ന ജനുവരി നാലിന് ശേഷം ദിവസങ്ങളോളം സൗഹൃദം തുടർന്നുവെന്നും 20 ലക്ഷം രൂപ ആവശ്യപ്പെട്ട് യുവതി ഭീഷണിപ്പെടുത്തുകയാണെന്നും ഹർജിയിൽ ബോധിപ്പിച്ചു.

# ഡെപ്യൂട്ടേഷൻ നിയമനം

കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ ഓഫീസിൽ അക്കൗണ്ടന്റ് (ശമ്പള നിരക്ക് 35,60075,400 രൂപ), ജൂനിയർ സൂപ്രണ്ട് (ശമ്പള നിരക്ക് 43,40091,200 രൂപ) തസ്തികകളിൽ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

സർക്കാർ സർവീസിൽ സമാന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവർക്ക് അപേക്ഷിക്കാം. ബയോഡേറ്റ, റൂൾ 144 പ്രകാരമുള്ള സ്റ്റേറ്റ്മെന്റ്, മാതൃവകുപ്പിൽ നിന്നും ലഭിച്ച നിരാക്ഷേപ പത്രം എന്നിവ സഹിതം ഫെബ്രുവരി രണ്ടിന് വൈകിട്ട് അഞ്ചിനകം രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ, റെഡ് ക്രോസ് റോഡ്, തിരുവനന്തപുരം695035 എന്ന വിലാസത്തിൽ അപേക്ഷിക്കണം.

# കന്യാസ്ത്രീക്ക് കത്തെഴുതി നിരവധി പേർ; ഹാഷ്ടാഗ് വൈറലായി

കൊച്ചി: കന്യാസ്ത്രീയെ ബലാത്സംഗം ചെയ്ത കേസിൽ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ വെറുതെ വിട്ട സംഭവത്തിൽ ഇരയായ കന്യാസ്ത്രീക്ക് പിന്തുണ അറിയിച്ച് കത്തെഴുതണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള കുറിപ്പിനൊപ്പമുള്ള ഹാഷ്ടാഗ് സോഷ്യൽ മീഡിയയിൽ വൈറലാകുന്നു.

കന്യാസ്ത്രീകൾക്ക് പിന്തുണ അറിയിച്ചുകൊണ്ട് സംവിധായികമാരായ ഗീതു മോഹൻദാസ്, ലീന മണി മേഖല, മാധ്യമപ്രവർത്തക ധന്യ രാജേന്ദ്രൻ, നടി പാർവതി തിരുവോത്ത്, ആക്ടിവിസ്റ്റ് ഐഷ, മാധ്യമപ്രവർത്തക ഷാഹിന കെ കെ ഉൾപ്പെടെ നിരവധി കത്തെഴുതി സോഷ്യൽ മീഡിയയിൽ പോസ്റ്റ് ചെയ്തിട്ടുണ്ട്.

കന്യാസ്ത്രീയെ പിന്തുണച്ചുകൊണ്ട് അവൾക്കൊപ്പം എന്ന ഹാഷ്ടാഗാണ് സോഷ്യൽ മീഡിയയിൽ പകത്തിപ്പടരുന്നത്. അവർക്ക് കത്തെഴുതുക. നമ്മൾ കൂടെയുണ്ടെന്ന്, ഈ പോരാട്ടത്തിൽ ഒറ്റക്കല്ലെന്ന് അവരെ അറിയിക്കുക. സ്വന്തം കൈപ്പടയിൽ എഴുതുന്ന കത്തുകൾ വീ-i-d-ar-tiy2si-ster-s@gm-a-i-l. com-F ന്ന ഇമെയിൽ ഐഡിയിലേക്ക് അയക്കാം. അവർ തോൽക്കാതിരിക്കേണ്ടത് അവരുടെ മാത്രം ആവശ്യമല്ല. നമ്മുടേത് കൂടിയാണ്. നമുക്ക് കൂടി വേണ്ടിയാണ് അവർ പൊരുതുന്നതെന്നും സ്വന്തം കത്തുകൾ കൂടി പങ്കുവച്ചുകൊണ്ടുള്ള സോഷ്യൽ മീഡിയ കുറിപ്പുകളിൽ പറയുന്നു.

# പരീക്ഷാ വിജ്ഞാപനം

ഡി.എൽ.എഡ്. (അറബിക്, ഉറുദു, സംസ്കൃതം, ഹിന്ദി) 20202022 ബാച്ചിന്റെ രണ്ടാം സെമസ്റ്റർ റഗുലർ പരീക്ഷയും 201921 ബാച്ചിന്റെ സപ്ലിമെന്ററി പരീക്ഷയും 2022 ഫെബ്രുവരിയിൽ നടത്തും. പരീക്ഷാ വിജ്ഞാപനം പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റുകളിൽ (www.k-er-a-l-ap-ar-e-e-k-sh-a-b-h-av-an.in, h-ttp-s://p-ar-e-e-k-sh-a-b-h-av-an.k-er-a-l-a.gov.in) ലഭിക്കും.

# ദളിത് യുവാവിന്റെ കസ്റ്റഡി മരണം; അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറാൻ സ്റ്റാലിൻ ഉത്തരവിട്ടു

ചെന്നൈ: വികലാംഗനായ ദളിത് യുവാവിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറാൻ തമിഴ്നാട് മുഖ്യമന്ത്രി എം കെ സ്റ്റാലിൻ ഉത്തരവിട്ടു. മോഷണക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്ത 45 കാരനായ പ്രഭാകരനാണ് കസ്റ്റഡിയിലിരിക്കെ മരിച്ചത്.

ഈ മാസം എട്ടിനാണ് സേലത്തെ വീട്ടിൽ നിന്ന് പ്രഭാകരനെ പൊലീസ് കൂട്ടിക്കൊണ്ടുപോയതെന്ന് ഭാര്യ പി ഹംസല പറഞ്ഞു. സംഭവത്തിൽ പൊലീസുകാർക്കെതിരെ കൊലക്കുറ്റത്തിന് കേസെടുക്കണമെന്ന് ആവശ്യപ്പെട്ട് പ്രതിഷേധമായി ബന്ധുക്കളും നാട്ടുകാരും രംഗത്തെത്തിയിട്ടുണ്ട്.

കുടുംബത്തിന് 10 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു. കേസുമായി ബന്ധപ്പെട്ട് സേന്തമംഗലം പൊലീസ് സ്റ്റേഷനിലെ രണ്ട് സബ് ഇൻസ്പെക്ടർമാരെയും ഒരു ഹെഡ് കോൺസ്റ്റബിളിനെയും സസ്പെൻഡ് ചെയ്തു.

# ഹൈക്കോടതിയിൽ 25 സർക്കാർ അഭിഭാഷകർക്ക് കോവിഡ്

കൊച്ചി: കേരള ഹൈക്കോടതിയിൽ 25 സർക്കാർ അഭിഭാഷകർക്കും, 50 ലധികം ജീവനക്കാർക്കും കോവിഡ് സ്ഥിരീകരിച്ചു. കോവിഡ് വ്യാപനം രൂക്ഷമായതോടെ ഹൈക്കോടതിയിൽ ഓൺലൈൻ സിറ്റിംഗ് മുഖേനയാണ് കേസുകൾ പരിഗണിക്കുന്നത്. സർക്കാർ അഭിഭാഷകരോട് കോടതിയിൽ എത്തേണ്ടതില്ലെന്നും വീടുകളിലിരുന്ന് സിറ്റിംഗിൽ ഹാജരാകാനുമാണ് എജി ഓഫീസിൽ നിന്ന് നിർദേശം നൽകിയിട്ടുള്ളത്.

# ഓട്ടോടാക്സി നിരക്ക് വർധന: അഭിപ്രായങ്ങൾ അറിയിക്കാം

സംസ്ഥാനത്തെ ഓട്ടോടാക്സി നിരക്ക് വർധനയുമായി ബന്ധപ്പെട്ട് വ്യക്തികൾക്കും സംഘടനകൾക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തർക്കങ്ങളും രേഖാമൂലം അറിയിക്കാം. സ്റ്റേറ്റ് ട്രാൻസ്പോർട്ട് കമ്മിഷണർ, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം695014 എന്ന വിലാസത്തിൽ 25നകം തലാപിൽ അറിയിക്കണം. നിരക്ക് വർധന സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുന്നതിന് ജസ്റ്റിസ് രാമചന്ദ്രൻ സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയ സാഹചര്യത്തിലാണ് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തേടിയത്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.